LIBRARY ARCHIVES Kerala Legislative Assembly

മങ്കട മണ്ഡലത്തിലെ പനമ്പറ്റ പാലം അപ്രോച്ച് റോഡ്

256 (1005) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കൂട്ടിലങ്ങാടി പടിഞ്ഞാറ്റുംമുറി പനമ്പറ്റ പാലം അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം വിട്ടുനൽകിയവർക്ക് ആകെ എത്ര തുകയുടെ നഷ്ടപരിഹാരം നൽകാൻ നിശ്ചയിച്ചിട്ടുണ്ട്?

മലപ്പുറം ജില്ലയിൽ ആനക്കയം, കൂട്ടിലങ്ങാടി വില്ലേജുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പനമ്പറ്റ കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിന് സ്ഥലം വിട്ടുനൽകിയ 23 ഭൂഉടമകൾക്ക് 67,55,459 രൂപ (അറുപത്തിയേഴ് ലക്ഷത്തി അൻപത്തി അയ്യായിരത്തി നാനൂറ്റി അൻപത്തി ഒമ്പത് രൂപ മാത്രം) നഷ്ടപരിഹാരം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇവർക്ക് നാളിതുവരെയായി നഷ്ടപരിഹാരം നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ഭൂവുടമകൾ വളരെയധികം പ്രയാസങ്ങൾ അനുഭവിക്കുന്നത് ഗൗരവമായി കാണുന്നുണ്ടോ; യഥാസമയം നഷ്ടപരിഹാരം വിതരണം ചെയ്യാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2-7-2019 തീയതിയിലെ LA2-76114/12 നമ്പർ നടപടിക്രമം പ്രകാരം 67,55,459 രൂപയുടെ വിശദ വിലവിവര പട്ടിക ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതാണ്. അതുപ്രകാരം ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനായി അർത്ഥ നാധികാരിക്ക് യഥാസമയം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽനിന്ന് ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുവാൻ കഴിയാത്തത്.

(സി) സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാരം അടിയന്തരമായി വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.